നെടുമങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കാൻ നടപടി

86 (2314) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ;

(ബി) നെടുമങ്ങാട് കെ.എസ്.ഇ.ബി. സെക്ഷന്റെ കീഴിൽ എത്ര ഉപഭോക്താക്കൾ ഉണ്ട് ;

(സി) നെടുമങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നെടുമങ്ങാട് ടൗൺ, ഉഴമലയ്ക്കൽ, കുളപ്പട, മുണ്ടേല, അരുശുപറമ്പ്, മുളമുക്ക്, വേങ്കോട്, ചെന്നിപ്പൂർ, പൂവത്തൂർ, താന്നിമൂട്, ആനാട്, ചുള്ളിമാനൂർ, കരിക്കട, ആട്ടക്കാൽ, വഞ്ചുവം, പനവൂർ, എസ്.എൽ.പുരം വയ്ക്കാക്കാവ്, ആറ്റിൻപുറം, ഏരുമല തുടങ്ങിയ പ്രദേശങ്ങളാണ് നെടുമങ്ങാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്നത്.

(ബി) 26450 എണ്ണം.

(സി) ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ച പുതിയ ട്രാൻസ്ഫോർമറുകൾ

37 (2315) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പുതിയ ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചു ;

(സി) കഴക്കൂട്ടം നിയോജകമണ്ഡലത്തിൽ എത്ര പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു ; ഇനി പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന് എത്ര നിർദ്ദേശം പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിസ്റ്റം ഇംപ്രൂവ്മെന്റ്, വോൾട്ടേജ് പ്രൂഡ്മെന്റ് സ്കീമിൽ 11 കെ.വി. ലൈനുകൾ വലിച്ച് 2052 ഡിസ്ട്രി ബ്യൂഷൻ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം 3 ജില്ലകളിലും 7 പട്ടണങ്ങളിലും വോൾട്ടേജ് മെച്ചപ്പെടുത്തൽ പദ്ധതി സംബന്ധിച്ച് ജോലികൾ പുരോഗമിച്ച് വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly